8. സ്ഥാപനങ്ങൾ ശക്തമാക്കൽ	15	"
9. മോണിറ്ററിംഗും ഇവാലുവേഷനും	5	"
10. ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം	50	"

(ഇ) കേരളത്തിലെ വനപ്രദേശങ്ങൾ കുറയാതെ ഫലപ്രദമായി സംരക്ഷിക്കുന്നതിനുവേണ്ടി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകിയും കാട്ടുതീയിൽനിന്നും വനങ്ങളെ സംരക്ഷിച്ചും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കൂടാതെ വനങ്ങളുടെ അതിർത്തി സർവ്വേ ചെയ്യുകയും ജണ്ട, കയാല എന്നിവ നിർമ്മിക്കുകയും ചെയ്യുന്നതിനും പദ്ധതി നിലവിലുണ്ട്.

16 (*449) കൃഷിവകുപ്പിന്റെ ഗവേഷണങ്ങൾ

ശ്രീ. എ.കെ. മണി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കാർഷികരംഗം ചലനാത്മകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന കാർഷിക സർവകലാശാലയും കൃഷിവകുപ്പും എന്തെല്ലാം വിധത്തിലുള്ള ഗവേഷണങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത്;

(ബി) കാർഷിക സർവകലാശാലയുടേയും കൃഷിവകുപ്പിന്റെയും ഗവേഷണങ്ങൾ ജനങ്ങളിൽ എത്തുന്നുണ്ടോ എന്നുറപ്പാക്കാറുണ്ടോ;

(സി) എങ്കിൽ ഈ ഗവേഷണഫലങ്ങൾ ജനങ്ങളിൽ എത്തിച്ചേർന്നതിന്റെ ഫലമായി സംസ്ഥാനത്തെ പ്രധാന വിളകളിലുണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാം പറമ്പിൽ) :

(എ) സംസ്ഥാനത്തിന്റെ കാർഷികരംഗം ചലനാത്മകമാക്കുന്നതിനുവേണ്ടി കൃഷിയിലും അനുബന്ധ വിഷയങ്ങളിലും കാർഷിക സർവകലാശാല വിവിധ തരത്തിലുള്ള ഗവേഷണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. മെച്ചപ്പെട്ട വിത്തുകളും നടീൽ വസ്തുക്കളും, മുന്തിയ ഇനം വളർത്തുമൃഗങ്ങളും, മീൻ കുഞ്ഞുങ്ങളും ഉരുത്തിരിച്ചെടുക്കുക, ശാസ്ത്രീയ പരിപാലന മുറകൾ ആവിഷ്കരിക്കുക, രോഗപ്രതിരോധ നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തുക, ഉല്പന്നങ്ങളുടെ ശാസ്ത്രീയമായ സംസ്ക്കരണ രീതികൾ ഉരുത്തിരിച്ചെടുക്കുക, ലളിതവും മെച്ചപ്പെട്ടതുമായ കൃഷി ആയുധങ്ങളും യന്ത്രസാമഗ്രികളും വികസിപ്പിച്ചെടുക്കുക എന്നിവയിലാണ് സർവകലാശാല പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കൃഷിവകുപ്പിന്റെ കീഴിലുള്ള മണ്ണുപരിശോധനാ ലാബുകളിൽ മണ്ണുപരിശോധന നടത്തിയതിന് അനുയോജ്യമായ വിളകൾ ശുപാർശ ചെയ്യുന്നു. കർഷകർക്ക് അപ്പോഴപ്പോൾ വേണ്ടുന്ന സഹായ സഹകരണങ്ങൾ കൃഷി ഓഫീസർമാർ ചെയ്തുകൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്

(സി) ഗവേഷണ നേട്ടങ്ങളുടെ ഫലമായി എഴുപത്തി ഏഴ് പുതിയ ഇനങ്ങൾ വിവിധ വിളകളിലായി പുറത്തിറക്കിയിട്ടുണ്ട്. കാർഷിക സർവകലാശാല ഉരുത്തിരിച്ചെടുത്ത ലളിതമായ തേങ്ങപൊളിക്കൽ യന്ത്രം, ചക്കപറിക്കൽയന്ത്രം എന്നിവയുടെ ഉപയോഗം കർഷകരുടെ ഇടയിൽ വർധിച്ചിട്ടുണ്ട്. ജൈവ നിയന്ത്രണ രീതിയിൽ ആഫ്രിക്കൻ പായലിനെ നശിപ്പിക്കാൻ കഴിഞ്ഞത് ഒരു വലിയ നേട്ടമായി കാണേണ്ടതാണ്. ടിഷ്യു കൾച്ചർവഴി വികസിപ്പിച്ചെടുത്ത നടീൽ വസ്തുക്കളും കർഷകരുടെ ഇടയിൽ പ്രചരിച്ചു വരുന്നുണ്ട്.

17 (*450) പഴവർഗ്ഗങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പി.വിശ്വൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി സാധനങ്ങളിലെ അമിത കീടനാശിനി പ്രയോഗവും മായം ചേർക്കലും കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വില്പന നടത്തിവരുന്ന പഴവർഗ്ഗങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്നും മറ്റും എത്തിച്ച് വില്പന നടത്തുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും ആകർഷണീയത വർധിപ്പിക്കുവാനും അഴുകിപ്പോകാതിരിക്കുവാനും വളരെ മാരകമായ രാസവസ്തുക്കൾ പ്രയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നുവെളിപ്പെടുത്തുമോ;

(ഇ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുമോ; എങ്കിൽ വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) അമിത കീടനാശിനിപ്രയോഗവും മായം ചേർക്കലും കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ നിയമ സംവിധാനമൊന്നും കൃഷിവകുപ്പിൽ നിലവിലില്ല.

(ബി) കൃഷിവകുപ്പിൽ ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇക്കാര്യം ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

423/2010.

LIBRARY ARCHIVES Kerala Legislative Assembly